DESPATCHED
On 02/06/2020

17/03/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ A.P. No.2123(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.13727/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ.സതീഷ്കുമാർ കെ.എ.
കാര്യപ്പറമ്പിൽ വീട്,
കൊട്ടേക്കനാൽ റോഡ്,
കൊച്ചി – 682018
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
   വികാസ്ഭവൻ, തിരുവനന്തപുരം .

2. അപ്പീൽ അധികാരി & അഡീഷണൽ ഡയറക്ടർ
   കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
   വികാസ്ഭവൻ, തിരുവനന്തപുരം .

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03.06.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.06.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30.06.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15.08.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 19.08.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16.09.2015 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 06.10.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 17.03.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സതീഷ്കുമാർ കെ.എ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരം നൽകുന്നതിനു പകരം മറ്റൊരു ഉത്തരവിന്റെ പകർപ്പാണ് ടിയാന് നൽകിയതെന്നും മേൽപ്പടി ഉത്തരവിൽ ഡിപ്പാർട്ടുമെന്റു തലവൻമാരുടെ നിയമനം, ചുമതലകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ സംബന്ധിച്ചാണ് പറഞ്ഞിരിക്കുന്നതെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലായെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കേരളത്തിലെ സർക്കാർ കോളേജുകളിലും എയ്ഡഡ് കോളേജുകളിലും ഔദ്യോഗികമായി ഡിപ്പാർട്ടുമെന്റുകൾ ഉണ്ടോ എന്നും ഉണ്ടെങ്കിൽ കോളേജുകളിൽ ഡിപ്പാർട്ടുമെന്റുകൾ രൂപീകരിക്കേണ്ടതെങ്ങനെയെന്നും ആരാണ് ഡിപ്പാർട്ടുമെന്റ് രൂപീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതെന്നും മറ്റുമുള്ള മാനദണ്ഡം വ്യക്തമാക്കി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ നൽകണമെന്നുമാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, കോളേജുകളിൽ ഡിപ്പാർട്ടുമെന്റുകൾ രൂപീകരിക്കേണ്ടത് എങ്ങനെയെന്നും ആരാണ് ഡിപ്പാർട്ടുമെന്റ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതെന്നും മറ്റുമുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള GO(MS)No.150/2014/H.Edn. തീയതി, 27.03.2014 ന്റെ പകർപ്പ് നൽകുന്നു എന്നുമാണ്. മേൽപ്പടി മറുപടിക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയില്ലായെന്നും ടിയാന് നൽകിയിട്ടുള്ള ഉത്തരവിൽ ഡിപ്പാർട്ടുമെന്റുകളിൽ HOD മാരെ നിയമിക്കുന്ന രീതിയും അവരുടെ ചുമതലകളും പ്രവർത്തികളും സംബന്ധിച്ച വിവരങ്ങളും മാത്രമാണ് ഉള്ളതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമാക്കി മറുപടി നൽകണമെന്നാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കേരളത്തിലെ ഗവൺമെന്റ് എയ്ഡഡ് കോളേജുകളിൽ ഡിപ്പാർട്ടുമെന്റുകൾ എന്ന

RIGHT TO INFORMATION

തുകൊണ്ട് ഉദ്ദേശിക്കുന്നത് പഠന വകുപ്പുകളാണെന്നും ഓരോ കോളേജിലും നിലവിലുള്ള പാഠ്യവിഷയങ്ങളുടെ അടിസ്ഥാനത്തിലാണ് പഠന വകുപ്പുകൾ നിർണ്ണയിക്കപ്പെടുന്നതെന്നും ചില വിഷയങ്ങൾക്ക് ഒന്നിൽ കൂടുതൽ അധ്യാപകർ നിലവിലുള്ളപ്പോൾ മറ്റു ചില വിഷയങ്ങൾക്ക് ഒന്നോ രണ്ടോ അധ്യാപകർ മാത്രമായും ഉള്ള സാഹചര്യം ഉണ്ടാകാറുണ്ടെന്നും ഇത്തരത്തിലുള്ള ഓരോ പഠന വകുപ്പിനെയും ഡിപ്പാർട്ടുമെന്റായി കണക്കാക്കിയാണ് കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഡിപ്പാർട്ടുമെന്റുകളുടെ സഹകരണം ഉറപ്പാക്കുന്നതെന്നും ഒരുപുതിയ കോളേജ് ആരംഭിക്കുന്ന സമയത്തുതന്നെ പ്രസ്തുത കോളേജിലെ പാഠ്യവിഷയങ്ങളുടെ അടിസ്ഥാനത്തിൽ പഠന വകുപ്പുകളും നിലവിൽ വരുന്നുവെന്നും അതിനായി പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിക്കാറില്ലെന്നും മറ്റുമാണ്. ഒന്നിൽ കൂടുതൽ അധ്യാപകർ ഉള്ള പഠന വകുപ്പുകളിൽ ഏറ്റവും സീനിയർ ആയ അധ്യാപകനെ ഡിപ്പാർട്ടുമെന്റു തലവൻമാരായി ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കാറുണ്ടെന്നും അത്തരം സാഹചര്യത്തിലാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ പ്രകാരം GO(MS)No.150/2014 പുറപ്പെടുവിച്ചിട്ടുള്ളതെന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പാണ് ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകിയതെന്നും ഹർജിക്കാരന് നൽകിയ വിവരം തെറ്റാണെന്നു പറയുന്നതല്ലാതെ ടിയാന്റെ വാദം തെളിയിക്കുന്നതിനുള്ള രേഖകളൊന്നും നൽകിയിട്ടില്ലെന്നും ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകിയ വിവരങ്ങളിൽ കൂടുതലായൊന്നും നൽകാനില്ലാത്തതിനാലാണ് ടിയാന്റെ അപ്പീൽ അപേക്ഷയിന്മേൽ മറുപടി ലഭിക്കാതിരുന്നത് എന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളൊന്നും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ലായെന്നും മേൽപ്പടി വിഷയവുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരന് നൽകുകയാണ് ഉണ്ടായിട്ടുള്ളതെന്നും കാണുന്നു. ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷിയുടെ ഭാഗത്തുനിന്നും ബോധപൂർവമായ എന്തെങ്കിലും വീഴ്ച ഉണ്ടായതായി കാണുന്നില്ല. എന്നിരുന്നാലും ഹർജിക്കാരൻ ആവശ്യപ്പെട്ട പ്രകാരമുള്ള സർക്കാർ ഉത്തരവ് ഉള്ളതായി അറിയില്ല എന്ന മറുപടി ഹർജിക്കാരന് നൽകാവുന്നതായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ രണ്ടാം എതിർകക്ഷി ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ യാതൊരു മറുപടിയും നൽകാത്തത് വിവരാവകാശ നിയമത്തിലെ 19(6) വകുപ്പിന്റെ ലംഘനമാണ്. SPIO നൽകിയ മറുപടിയിൽ കൂടുതലായി യാതൊന്നും നൽകാൻ ഉണ്ടായിരുന്നില്ലായെങ്കിൽ

അക്കാര്യം വ്യക്തമാക്കി ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ തീർപ്പ് കല്പിക്കേണ്ടതായിരുന്നു. ഈ അവസരത്തിൽ, കമ്മീഷൻ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷിക്കെതിരെ മറ്റു ഉത്തരവുകൾ ഒന്നും പുറപ്പെടുവിക്കുന്നില്ല. അപ്പീൽ അപേക്ഷയിന്മേൽ തീർപ്പു കല്പിക്കുന്നതിൽ രണ്ടാം എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ ടിയാനെ ഓർമ്മപ്പെടുത്തുന്നു.

5. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION